<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 512</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>മെഡിസെപ്പിലെ അപാകതകൾ പരിഹരിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയിൽ എൻലിസ്റ്റ് ചെയ്ത ആശുപത്രികളിൽ ചികിത്സ തേടിയ ഗുണഭോക്താക്കൾക്ക് അർഹമായ ചികിത്സാ ആനുകൂല്യം നൽകാതെ ഇൻഷുറൻസ് കമ്പനി നിരസിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. മെഡിസെപ്പ് പദ്ധതിയിൽ എൻലിസ്റ്റ് ചെയ്ത ആശുപത്രികളിൽ ചികിത്സ തേടിയ ഗുണഭോക്താക്കൾക്ക് അർഹമായ ചികിത്സാ ആനുകൂല്യം നൽകാതെ ഇൻഷുറൻസ് കമ്പനി നിരസിക്കുന്നതായ പരാതി വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് വിവിധ അവലോകനയോഗങ്ങളിൽ ഇൻഷുറൻസ് കമ്പനിയുമായി ചർച്ച ചെയ്ത് പരിഹാരം കൈക്കൊള്ളുവാൻ നിർദ്ദേശം നൽകുകയും അതോടൊപ്പം ക്ലെയിം നിരസിച്ചതുമായി ബന്ധപ്പെട്ട പരാതികൾ കമ്പനിയുടെ പോർട്ടലിൽ ലഭ്യമാകുന്ന മുറയ്ക്ക് ഉടനടി നടപടി സ്വീകിരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | മെഡിസെപ്പ് ആനുകൂല്യം നൽകിവന്നിരുന്ന പല ആശുപത്രികളും ഇപ്പോൾ ചികിത്സാ ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; അത്തരത്തിലുള്ള ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (ബി) | **മെഡിസെപ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായിട്ടുള്ള സർക്കാർ ഒപ്പുവച്ച ധാരണാ പത്രം (MoU) പ്രകാരം പദ്ധതിയിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷുറൻസ് കമ്പനിയാണ്.** പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികൾ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ 11.09.2023 ലെ സ.ഉ.(പി)നം. 97/2023/ധന ഉത്തരവ് പ്രകാരം ആശുപത്രികളെ സസ്പെന്റ് ചെയ്യുന്നതടക്കമുള്ള നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് തീരുമാനം കൈക്കൊള്ളുവാൻ ഇൻഷുറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ഏതെങ്കിലും ആശുപത്രികളെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയോ | (സി) | **ഉണ്ട്. പദ്ധതിയിൽ എംപാനൽ ചെയ്തിരുന്ന ഏഴ് ആശുപത്രികളെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ Standard Operating Procedure പുറപ്പെടുവിച്ച് പദ്ധതിയിൽ നിന്നും 23.12.2023 ലെ** |

| | | | |
|---|---|---|---|
| | സസ്പെൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | | **HI-3/145/2023-Fin നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻറ് ചെയ്തിട്ടുണ്ട്.** |
| (ഡി) | എംപാനൽഡ് ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് അർഹമായ മുഴുവൻ ചികിത്സാ ആനുകൂല്യങ്ങളും ലഭ്യമാക്കാതെ വലിയ തുക ആശുപത്രിയിൽ അടക്കേണ്ട സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; മെഡിസെപ്പ് പദ്ധതി പ്രകാരമുള്ള ചികിത്സ അനുകൂല്യങ്ങൾ നൽകുന്നത് തൽക്കാലം നിർത്തി വെയ്ക്കാൻ എംപാനൽഡ് ആശുപത്രികൾക്ക് ഏതെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിസെപ്പ് എംപാനൽഡ് ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് അർഹമായ മുഴുവൻ ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ വലിയ തുക ആശുപത്രിയിൽ അടക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഗുണഭോക്താവിന് മെഡിസെപ് വെബ്സൈറ്റിലെ ഗ്രീവൻസ് പോർട്ടലിൽ ഇൻഷുറൻസ് കമ്പനിക്കും സർക്കാർ തലത്തിലെ ത്രിതല സംവിധാനത്തിലും പരാതി സമർപ്പിക്കാവുന്നതും ആയത് പരിശോധിച്ച് വിദഗ്ധ തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്. മെഡിസെപ് പദ്ധതി പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ നൽകുന്നത് തൽക്കാലം നിർത്തിവയ്ക്കുവാനുള്ള നിർദ്ദേശം എംപാനൽഡ് ആശുപത്രികൾക്ക് നൽകിയിട്ടില്ല. |
| (ഇ) | മെഡിസെപ്പ് പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കിവരുന്ന പ്രീമിയം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (ഇ) | ഉണ്ട്. മെഡിസെപ്പ് പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കിവരുന്ന പ്രീമിയം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഇൻഷുറൻസ് കമ്പനിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പദ്ധതി പ്രകാരം തിമിര ശസ്ത്രക്രിയയ്ക്കായി പരമാവധി എത്ര രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നതെന്ന് അറിയിക്കുമോ; | (എഫ്) | മെഡിസെപ്പ് പദ്ധതി പ്രകാരം തിമിര ശസ്ത്രക്രിയയ്ക്കായി Phalcoemulsification+IOL ശസ്ത്രക്രിയയ്ക്ക് പരമാവധി 22,500/- രൂപയും SICS + IOL (ECCE+IOL) ശസ്ത്രക്രിയയ്ക്ക് പരമാവധി 15,300/- രൂപയും ലഭ്യമാകുന്നതാണ്. |
| (ജി) | ഒ.പി.യിലെ പരിശോധനയെ തുടർന്ന് അഡ്മിറ്റാകേണ്ടി വരുന്ന ആളിന് അഡ്മിറ്റാകുന്നതിന് മുൻപ്പ് വരെ ഒ.പി.യിൽ നടത്തിയ ചികിൽസയ്ക്ക് മെഡിസെപ്പ് ആനുകൂല്യത്തിന് അർഹതയുണ്ടോ; വിശദമാക്കുമോ; അഡ്മിറ്റാകുന്ന ആളിന് ഡിസ്ചാർജിന് ശേഷം തുടർ ചികിത്സക്കായി ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും മെഡിസെപ്പ് സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കുമോ? | (ജി) | **ഇല്ല. 23.06.2022 ലെ ജി ഒ (പി) നം.70/2022/ധന സർക്കാർ ഉത്തരവ് പ്രകാരം മെഡിസെപ് പദ്ധതിയിൽ ഒ പി ചികിത്സയെ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ നിലവിൽ ഐപി ചികിത്സ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് 15 ദിവസം മുൻപും ചികിത്സയ്ക്ക് ശേഷം 15 ദിവസം വരെയുമുള്ള ചികിത്സാ ചെലവുകൾക്കും പരിരക്ഷ ലഭിക്കുന്നതാണ്. ചികിത്സ കഴിഞ്ഞ് ഡിസ്ചാർജ് ആയ ശേഷം രണ്ട് ആഴ്ച കാലയളവിലേയ്ക്ക് ആവശ്യമായി വരുന്ന മുഴുവൻ മരുന്നുകളും സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാകുന്നതാണ്.** |

സെക്ഷൻ ഓഫീസർ